# <u>കരാർ ഉടമ്പടി</u>
## (200 രൂപ മുദ്രപ്പത്രത്തിൽ)

രണ്ടായിരത്തി ഇരുപത്തിയഞ്ചാമാണ്ട് ......................... മാസം ........... തീയതി ........................... ജില്ലയിൽ ................. താലൂക്കിൽ ....................................... വില്ലേജിൽ .......................... വീട്ടിൽ .......................... മകൻ ...................... കേരള ഗവർണ്ണർക്കുവേണ്ടി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ മുൻപാകെ എഴുതി നൽകുന്ന കരാർ ഉടമ്പടി.

**01-12-2015-ലെ സർക്കാർ ഉത്തരവ് (കൈ)നം. 15/2015/പി.സ.വി.വ പ്രകാരവും, 16.12.2024 ലെ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ BCDIR/548/2024(1)-B3 നമ്പർ വിജ്ഞാപന പ്രകാരവും, പിന്നാക്ക വിഭാഗ വികസന വകുപ്പ് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ .................................................. നമ്പർ നടപടി ഉത്തരവ്/അറിയിപ്പ് പ്രകാരവും,** ബാർബർഷോപ്പ് നവീകരണ പദ്ധതിയ്ക്കായി തെരെഞ്ഞെടുക്കപ്പെട്ട ഞാൻ ചുവടെ രേഖപ്പെടുത്തുന്ന വ്യവസ്ഥകൾക്ക് വിധേയമായി **15000/-** രൂപ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ബാങ്ക് അക്കൌണ്ട് മുഖേന സ്വീകരിക്കുന്നു.

## വ്യവസ്ഥകൾ

1) ബാർബർ ഷോപ്പ് നവീകരണം നടത്തുന്നതിന് ചെലവഴിക്കുന്ന ആകെ തുക 10000 രൂപയോ അതിൽ കുറവോ ആകുന്ന പക്ഷം അനുവദീയമായ ആനുകൂല്യ തുക 5000/- രൂപയോ അതിൽ കുറവോ ആണെന്നും ചെലവ് 10000/-രൂപയിൽ കൂടുതലാകുന്നപക്ഷം അർഹതപ്പെട്ട ആനുകൂല്യ തുകയുടെ 60%, ആദ്യഗഡുവായും 40%, വർക്ക് പൂർത്തീകരിച്ചതിനുശേഷവുമേ ലഭിക്കുവെന്നുമുള്ള വ്യവസ്ഥ ബോദ്ധ്യമുള്ളതാകുന്നു.
2) സ്ഥാപനത്തിന്റെ നവീകരണത്തിന് മുൻപും ശേഷവും ഉള്ള ഫോട്ടോകളും നവീകരണ പ്രക്രിയകൾക്ക് ചെലവായ തുകയ്ക്കുള്ള അസ്സൽ ബില്ലുകളും മറ്റ് രേഖകളും 60 ദിവസത്തിനകം പിന്നാക്ക വിഭാഗ വികസന വകുപ്പിൽ ഹാജരാക്കുന്നതാണ്.
3) ആനുകൂല്യം ലഭിക്കുന്ന എന്റെ സ്ഥാപനത്തിൽ സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരം ബോർഡ് തയ്യാറാക്കി പ്രദർശിപ്പിക്കുന്നതാണ്.
4) എനിക്കോ എന്റെ കുടുംബാംഗങ്ങൾക്കോ പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നോ, ഇതര സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ നാളിതുവരെ ഇതേ ആവശ്യത്തിന് ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.
5) നിശ്ചിത സമയ പരിധിക്കുള്ളിൽ കരാർ പ്രകാരമുള്ള നവീകരണ പ്രക്രിയകൾ പൂർത്തിയാക്കി ബന്ധപ്പെട്ട രേഖകൾ പിന്നാക്ക വിഭാഗ വികസന വകുപ്പിൽ ഹാജരാകത്തപക്ഷമോ, മുൻവർഷങ്ങളിൽ ഇതേ സ്ഥാപനത്തിനോ, എനിക്കോ ആനുകൂല്യം ലഭ്യമായിട്ടുണ്ടെന്ന് ബോധ്യപ്പെടുന്ന പക്ഷമോ ആകെ കൈപ്പറ്റിയ ആനുകൂല്യ തുക സർക്കാർ കാലാകാലങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് നിശ്ചയിക്കുന്ന പിഴപലിശ സഹിതം സർക്കാരിലേക്ക് ഒടുക്കുന്നതാണെന്നും അല്ലാത്ത പക്ഷം എന്റെ

സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നും റവന്യൂ റിക്കവറി വഴി ഈടാക്കുന്നതിൽ എതിർപ്പില്ലായെന്നും സമ്മതിച്ചിരിക്കുന്നു.

താഴെ പറയുന്ന സാക്ഷികളുടെ സാന്നിധ്യത്തിൽ, മുകളിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ സമ്മതിച്ച് ഈ ധാരണാപത്രത്തിൽ .......... വർഷം ............. മാസം ............. തീയതി ഒപ്പിട്ടു പൂർത്തീകരിച്ചിട്ടുള്ളതാകുന്നു.

**ഗുണഭോക്താവ് :**
**(പേരും ഒപ്പും)**

**ഡെപ്യൂട്ടി ഡയറക്ടർ :**
**(പേരും ഒപ്പും)**

സാക്ഷികൾ

| പേര് | മേൽവിലാസം | ഒപ്പ് |
|---|---|---|
| 1) | | |
| 2) | | |